# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 27, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| വിദ്യാഭ്യാസ വകുപ്പു വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ |
| സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## സ്കൂളുകൾക്ക് അനുമതി നൽകുന്നതിൽ നിയന്ത്രണം

*391 ശ്രീ. എം. ചന്ദ്രൻ
,, ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സ്കൂളുകൾ അനുവദിക്കുന്നതും, നിലവിലുള്ളതിന് തുടർ അനുവാദം നൽകുന്നതും, കോഴ്സുകൾ പുതുതായി അനുവദിക്കുന്നതും സംബന്ധിച്ച നയം വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് അനധികൃത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് നിയന്ത്രണം ഇല്ലാതെ അനുമതി നൽകിയതിന്റെ ഫലമായി പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പ്രത്യാഘാതമുണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇന്ന് എത്ര സർക്കാർ സ്കൂളുകളെയാണ് ലാഭകരമല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; ഇത് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഭാവിയെ ഏത് തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

കേരള നിയമസഭ

27.06.2013–ലെ മറുപടിക്ക്

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആദിവാസി ഊരുകളിൽ വിതരണം ചെയ്യാനുള്ള റേഷൻ സാധനങ്ങൾ മറിച്ചു വില്ക്കുന്ന നടപടി</u>

*392 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി, അഗളി പ്രദേശങ്ങളിലെ ആദിവാസി ഊരുകളിൽ വിതരണം ചെയ്യാനുള്ള റേഷൻ സാധനങ്ങൾ മണ്ണാർക്കാട് വച്ച് തന്നെ മറിച്ചു വില്ക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുന്നതിനും നിജസ്ഥിതി നേരിട്ട് അന്വേഷിക്കുന്നതിനും തയ്യാറാകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ കമ്പോള ഇടപെടല്‍</u>

*393 ശ്രീ. സി. കൃഷ്ണന്‍
,, എ. കെ. ബാലന്‍
,, ജെയിംസ് മാത്യു
,, കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അവശ്യസാധനങ്ങളുടെ വില ഉയരുന്ന സാഹചര്യത്തില്‍ കമ്പോള ഇടപെടലിനായി സപ്ലൈകോയെ ഏത് വിധത്തിലാണ് സജ്ജമാക്കിയിട്ടുള്ളത്;

(ബി) സപ്ലൈകോയ്ക്ക് സബ്സിഡി കുടിശ്ശികയിനത്തില്‍ എന്ത് തുകയാണ് നല്‍കാനുള്ളത്;

(സി) ഇതുകാരണം സപ്ലൈകോയ്ക്ക് സാമ്പത്തിക പരാധീനയുണ്ടോ; ഇത് കമ്പോളത്തില്‍ വേണ്ടവിധത്തില്‍ ഇടപെടാന്‍ കോര്‍പ്പറേഷന് കഴിയാത്ത ഒരവസ്ഥ ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

എസ്.എസ്.എ കേന്ദ്ര വിഹിതത്തിൽ വന്ന കുറവ്

*394 ശ്രീ. ജി.എസ്.ജയലാൽ
,, സി.ദിവാകരൻ
,, കെ.അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ള സർവ്വ ശിക്ഷ അഭിയാൻ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ വർഷം അനുവദിച്ച തുകയുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോൾ അനുവദിച്ചതിൽ എന്തുമാത്രം കുറവ് വന്നിട്ടുണ്ട്;

(ബി) എത്ര തുകയ്ക്കുള്ള പദ്ധതിയാണ് മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നത്; സ്പിൽ ഓവറായി എത്രയാണ് ഇപ്പോഴത്തെ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ വർഷം കേന്ദ്ര വിഹിതം കുറയാനുണ്ടായ കാരണങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കൽ</u>

*395 ശ്രീ. ജി. സുധാകരൻ
,, കോടിയേരി ബാലകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും സർക്കാർ പടിപടിയായി പിൻമാറുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ മേഖലയിൽ തുടർച്ചയായി വരുന്ന പരിഷ്കാരങ്ങൾ പ്രസ്തുത നയത്തിന്റെ ഭാഗമാണോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ബിരുദ-ബിരുദാനന്തര പഠനങ്ങൾക്കുള്ള നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ്; വ്യക്തമാക്കാമോ;

(സി) കേരള സർവ്വകലാശാലയിൽ ബി.എ (ഇംഗ്ലീഷ്) പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള പഠനം നിർത്തലാക്കാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ തലത്തിലുള്ള എന്തെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ;

(ഡി) കേരളത്തിനകത്തും പുറത്തുമുള്ള സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് സ്വകാര്യ രജിസ്ട്രേഷൻ വഴി പഠനം നടത്തുന്നതെന്നത് അറിവുള്ളതാണോ;

(ഇ) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് പ്രസ്തുത പരിഷ്കാരങ്ങൾ എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിർദ്ധനരായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>കോളേജ് ക്വാളിറ്റി ഇപ്രൂവ്മെന്റ് പ്രോഗ്രാം</u>

*396 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എൻ. എ. സി. സി. റേറ്റിംഗ് ലഭിക്കുന്നതിന് ഈ പ്രോഗ്രാം എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമിയുടെ പട്ടയം

*397 ശ്രീ. എം.എ. വാഹിദ്
,, വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമിയുടെ പട്ടയത്തിന് നിയമഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിയമഭേദഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം</u>

*398 ശ്രീ. എ. കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനം സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ യഥാസമയം തന്നെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി കേന്ദ്ര സർക്കാർ തുക അനുവദിച്ചോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്രം സൂചിപ്പിച്ച അഞ്ച് റോഡുകൾ (എൻ.എച്ച്.ഡി.പി.) ബി.ഒ.ടി. അടിസ്ഥാനത്തിൽ വികസിപ്പിക്കണമെന്ന കേന്ദ്ര നിർദ്ദേശത്തിന് എന്തു മറുപടിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തു തുടർനടപടി സ്വീകരിച്ചുവെന്ന് അറിയാമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണ-വിതരണ സംവിധാനം</u>

*399 ശ്രീ. എ.കെ.ബാലൻ
,, എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണ-വിതരണ സംവിധാനം വിപുലപ്പെടുത്താനുള്ള ലക്ഷ്യവും ഇതിനായുള്ള പദ്ധതിയിലെ വകയിരുത്തലുകളും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര സംഭരണശാലകളാണ് ഉള്ളത്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര ഏജൻസികളിൽനിന്ന് സഹായം ലഭിക്കാൻ സാധ്യതയുണ്ടോ;

(സി) പുതിയ സംഭരണശാലാ നിർമ്മാണത്തിന് സ്വകാര്യ കമ്പനികളെയോ, ഏജൻസികളെയോ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ചെറുകിട ഉല്പന്നങ്ങൾക്ക് നിരോധനം</u>

*400 ശ്രീ.എ.പ്രദീപ് കുമാർ
'' കെ.കെ.നാരായണൻ
ശ്രീമതി കെ.എസ്.സലീഖ
ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ചെറുകിട ഉത്പാദകരുടെ ഉല്പന്നങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മാർക്കറ്റുകളിലേക്ക് ഉല്പന്നം എത്തിക്കുന്നതിന് ഉല്പാദകർക്ക് എന്തെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങളോ നിബന്ധനകളോ നിശ്ചയിച്ചിട്ടുണ്ടോ;

(സി) നികുതി ഇളവുള്ള ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത് വഴി കുടുംബശ്രീ ഉൾപ്പെടെയുള്ള ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളുടെ അധീനതയിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി</u>

*T-401 ശ്രീ.റോഷി അഗസ്റ്റിൻ
'' പി.സി.ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയുടെ വ്യാപ്തി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനും ആയതു ഫലപ്രദമായ രീതിയിൽ ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ലഭ്യമായ വിവരങ്ങൾ വച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഇപ്രകാരമുള്ള ഭൂമിയുടെ വ്യാപ്തിയെത്രയെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**27.06.2013–ലെ മറുപടിക്ക്**

"തൃപ്തി" ന്യായവില ഭക്ഷണശാലകൾ

*402 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' എം. പി. അബ്ദുസ്സമദ് സമദാനി
'' എൻ. എ. നെല്ലിക്കുന്ന്
'' പി. കെ . ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''തൃപ്തി'' ന്യായ വില ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറായിക്കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭക്ഷണ ശാലകൾ ആരംഭിക്കാനുള്ള ഏജൻസികളുടെ തെരഞ്ഞെടുപ്പു നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സമാന പദ്ധതികളേതെങ്കിലും പ്രവർത്തനക്ഷമമായിട്ടുണ്ടോ; എങ്കിൽ അവയെ ഇതിനോട് കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിംഗ്

*403 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിംഗ് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) ജൻഡർ ബഡ്ജറ്റിംഗ് നടപ്പാക്കാനാവശ്യമായ നിർദ്ദേശം ആർക്കിടെക്റ്റുകൾക്കും എഞ്ചിനീയർമാർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>കയർ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ</u>

*404 ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. ദാസൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കുമോ ;

(ബി) കമ്മീഷന്റെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി ;

(സി) ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആരംഭിച്ചു; അവയുടെ ഇപ്പോഴത്തെ പുരോഗതി വെളിപ്പെടുത്തുമോ ;

(ഡി) കയർ മേഖലയിലെ തൊഴിലില്ലായ്മയും പ്രതിസന്ധിയും പരിഹരിക്കുന്നതിന് കമ്മീഷൻ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.06.2013–ലെ മറുപടിക്ക്

ചെറു ദ്വീപുകളിൽ വൻകിട പദ്ധതികൾ

*405 ശ്രീ. എ. എം. ആരിഫ്
,, കെ. രാധാകൃഷ്ണൻ
,, എസ്. ശർമ്മ
,, ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുദ്വീപുകളിൽ വൻകിട പദ്ധതികൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തി സ്വകാര്യ സംരംഭകർക്കായി ഈ ദ്വീപുകൾ പദ്ധതി നടത്താൻ നൽകാനാണോ ഉദ്ദേശിക്കുന്നത് ;

(സി) പരിസ്ഥിതി പ്രാധാന്യമുള്ള ഇത്തരം ദ്വീപുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ദോഷമാകും എന്ന കാര്യം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി ഭൂമിയുടെ വിനിയോഗം</u>

*406 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമിയുടെ നിശ്ചിത ശതമാനം മറ്റാവശ്യങ്ങൾക്ക് സർക്കാർ പുറപ്പെടുവിപ്പിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നതിന് അനുവാദം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനമാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ</u>

*407 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള എം. ജി. എൽ. സി. കളെ സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകളെ എൽ. പി. സ്കൂളുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരെ ഏതു വിഭാഗത്തിൽ ഉൾപ്പെടുത്തി ജോലി സ്ഥിരത ഉറപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

ദേശീയ ദുരന്ത പ്രതികരണ സേനയ്ക്ക് സംസ്ഥാനത്ത് സ്ഥിരം കേന്ദ്രം

*408 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ദുരന്ത പ്രതികരണ സേനയ്ക്ക് സംസ്ഥാനത്ത് സ്ഥിരം കേന്ദ്രം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഡീസൽ പെട്രോൾ എന്നിവയുടെ അളവിലെ കൃത്യത

*409 ശ്രീ. ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡീസൽ, പെട്രോൾ എന്നിവ കൃത്യമായ അളവിൽ കിട്ടുന്നതിന് ബേസ് ടെംപറേച്ചറിൽ വിൽപന നടത്താൻ ലീഗൽ മെട്രോളജി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(സി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

ഓട്ടോമാറ്റിക് വെതർ സെന്റർ

*410 ശ്രീ. അൻവർ സാദത്ത്
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത സാദ്ധ്യതാ അപഗ്രന്ഥന സെല്ലിന്റെ ആഭിമുഖ്യത്തിൽ ഓട്ടോമാറ്റിക്ക് വെതർ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>രജിസ്ട്രേഷന്‍ വരുമാനത്തിലെ കുറവ്</u>

*411 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, കെ. ദാസന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ വഴിയുള്ള വരുമാനം ഗണ്യമായി കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തില്‍ കുറവുവരാനുണ്ടായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ന്യായവില നിര്‍ണ്ണയത്തിലുണ്ടായ അപാകതകള്‍ പരിഹരിക്കാത്തത് രജിസ്ട്രേഷനെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അപാകതകള്‍ കാരണം പ്രതിമാസം പതിനായിരത്തിലേറെ ആധാരങ്ങളുടെ രജിസ്ട്രേഷന്‍ നിരസിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ന്യായവില നിര്‍ണ്ണയത്തിലെ ഈ അപാകതകള്‍ വന്‍തോതിലുള്ള അഴിമതിക്ക് ഇടയാക്കുകയും റിയല്‍ എസ്റ്റേറ്റ് ലോബികള്‍ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നേട്ടങ്ങള്‍ ഉണ്ടാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതിന്മേല്‍ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>വൈകല്യം ബാധിച്ച കുട്ടികൾക്ക് ഉപകരണങ്ങൾ</u>

*412 ശ്രീമതി കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈകല്യം ബാധിച്ച കുട്ടികൾക്ക് എസ്. എസ്.എ. വഴി വാങ്ങി നൽകിയിട്ടുള്ള ഉപകരണങ്ങൾ വിദ്യാർത്ഥികളുടെ വൈകല്യം കൂട്ടാൻ ഇടയാക്കിയിട്ടുള്ളതായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപകരണങ്ങൾ വാങ്ങുന്നതിൽ മാനദണ്ഡങ്ങൾ മറികടന്ന് ക്രമക്കേടുകൾ നടന്നിട്ടുള്ളതായി അറിയാമോ ;

(സി) വൈകല്യബാധിതരായ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയാസമുണ്ടാക്കുന്ന ഇത്തരം നടപടികൾ അവസാനിപ്പിച്ച് കാരണക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>കാലവർഷത്തെ തുടർന്നുണ്ടാകാൻ സാദ്ധ്യതയുള്ള കെടുതികൾ</u>

*413 ശ്രീ. സാജു പോൾ
,, കെ. വി. വിജയദാസ്
,, ബി. സത്യൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തെ തുടർന്നുണ്ടാകാൻ സാദ്ധ്യതയുള്ള കെടുതികൾ സംബന്ധിച്ച് കാലാവസ്ഥാവിദഗ്ദ്ധരുടെ വിലയിരുത്തലുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിൽ മഴക്കാലത്തുണ്ടായ ദുരന്തങ്ങളുടെയും മുന്നറിയിപ്പുകളുടെയും പശ്ചാത്തലത്തിൽ സ്വീകരിച്ച മുൻകരുതൽ നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ;

(സി) കഴിഞ്ഞ വർഷത്തെ കാലവർഷത്തെ തുടർന്ന് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടുവോ; എന്തെല്ലാം സഹായം ലഭിച്ചു; എന്തെല്ലാം നഷ്ടപരിഹാരം നൽകി; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്ക് ഒരേ യൂണിഫോം</u>

*414 ശ്രീ. മുല്ലക്കര രത്നാകരന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. ചിറ്റയം ഗോപകുമാര്‍
'' ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്ക് ഒരേ യൂണിഫോം എന്ന ആശയം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്ക് യൂണിഫോം സൗജ
ന്യമായി നല്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഒരു കുട്ടിക്ക് യൂണിഫോമിനായും തയ്യല്‍ കൂലിയിനത്തിലും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ തുക പര്യാപ്തമല്ലെന്നുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അത് വര്‍ദ്ധിപ്പിച്ചു നല്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

**അര നൂറ്റാണ്ടു കാലത്തേയ്ക്കുള്ള ഗതാഗതത്തിന് മാസ്റ്റർ പ്ലാൻ**

*415 ശ്രീ. കെ. എം. ഷാജി
,, സി. മോയിൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുന്ന അര നൂറ്റാണ്ടു കാലത്തേയ്ക്കുള്ള ഗതാഗത ആവശ്യങ്ങൾ മുൻ നിർത്തി റോഡുകളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, അതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(സി) സ്ഥലദൗർലഭ്യം കണക്കിലെടുത്ത് രണ്ട് നില റോഡുകൾ നിർമ്മിക്കുന്ന കാര്യം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും</u>

*416 ശ്രീ. ബാബു. എം. പാലിശ്ശേരി
,, കെ. വി. അബ്ദുൾ ഖാദർ
'' എം. ചന്ദ്രൻ
'' വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെങ്ങും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും നടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പൊതുവിതരണ സംവിധാനത്തിൽ നിന്ന് അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ കരിഞ്ചന്തയിലെത്താൻ ഇടയാക്കുന്ന സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടു ചെയ്യപ്പെട്ട എത്ര കേസുകൾ റെയിഡുകളിലൂടെയും മറ്റും വിജിലൻസ് വിഭാഗത്തിന് കണ്ടെത്താൻ സാധിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നടപ്പിലാക്കുന്നതിന് നടപടികൾ

*417 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ചെന്താമരാക്ഷൻ
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മണൽ സംഭരണവും വിതരണവും പൊതുമേഖലയിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ വ്യക്തികൾക്ക് പ്രസ്തുത പ്രവൃത്തികൾക്ക് അവകാശം നൽകുന്നതാണ് വൻ മണൽ മാഫിയകൾ രൂപപ്പെടുന്നതിന് പ്രധാന കാരണമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മണൽ മാഫിയയ്ക്ക് വഴങ്ങാത്ത സത്യസന്ധരായ ഉദ്യോഗസ്ഥരുടെ ജീവനുപോലും ഭീഷണി ഉയർത്തുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഇ) വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുന്ന അനധികൃത മണലൂറ്റ് തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 27.06.2013–ലെ മറുപടിക്ക്

<u>കയർ ഉല്പന്നങ്ങളുടെ വിപണി വിപുലീകരണം</u>

*418 ശ്രീ. ആർ. സെൽവരാജ്
,, ഐ.സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

തദ്ദേശീയ ചകിരി ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

*419 ശ്രീ. കെ. എൻ. എ. ഖാദർ
'' എം. ഉമ്മർ
'' പി. ബി. അബ്ദുൾ റസാക്
'' റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ തദ്ദേശീയമായ ചകിരി ഉല്പാദനവും, ഉപയോഗവും ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(സി) തമിഴ്നാട്ടിൽ നിന്നുള്ള ചകിരി ഇറക്കുമതി വർദ്ധിച്ചുവരുന്നത് തദ്ദേശീയ ഉല്പന്നത്തിന് വിപണിയില്ലാതാക്കുന്നത് ഒഴിവാക്കാൻ, ചകിരി ഉല്പാദനത്തിന് ആധുനിക സാങ്കേതിക വിദ്യയും, യന്ത്രങ്ങളും പ്രചാരത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

<u>കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം</u>

*420 ശ്രീ. സണ്ണി ജോസഫ്
,, എം.പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 18.

"T" ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്

[ചട്ടം 47(1)].